## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 5191**

**27 .07. 2015-ൽ**
**മറുപടിയ്ക്ക്**

## 'ഭൂനികുതി വർദ്ധിപ്പിച്ച നടപടി'

**ചോദ്യം**
**ശ്രീ. പി. സി. ജോർജ്ജ്**

(എ) കേരളത്തിലെ കർഷകർ സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കേ ഭൂനികുതി ആറ് ഇരട്ടിയോളം വർദ്ധിപ്പിച്ചിരിക്കുന്ന നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

**മറുപടി**
**ശ്രീ. അടൂർ പ്രകാശ്**
**റവന്യൂവും കയറും വകുപ്പ് മന്ത്രി**

(എ) 01/01/2015-ലെ വിജ്ഞാപനമനുസരിച്ച് പഞ്ചായത്ത് ഏരിയയ്ക്ക് 8.1 ആർ വരെ ഒരു ആറിന് 2.50 രൂപ, ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ ഏരിയയ്ക്ക് 2.43 ആർ വരെ ഒരാറിന് 5 രൂപ, മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയ്ക്ക് 1.62 ആർ വരെ ഒരാറിന് 10 രൂപ എന്ന നിരക്കിലാണ് ഭൂനികുതി പുതുക്കി നിശ്ചയിച്ചിട്ടുളളത്. മേൽ പ്രസ്താവിച്ച വിസ്തീർണ്ണം അധികരിച്ചാൽ പഞ്ചായത്ത് പ്രദേശത്ത് ഒരു ആറിന് 5 രൂപയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് ഒരു ആറിന് 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 1 ആറിന് 20 രൂപയും ആയി നിശ്ചയിച്ചിട്ടുളളതാണ്. നിലവിലുളള ഭൂ നികുതി വർദ്ധന കർഷകർക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായി കരുതുന്നില്ല. മറ്റു നികുതികളെ അപേക്ഷിച്ച് താരതമ്യേന ചെറിയ തുകയാണ് ഭൂവുടമകളിൽ നിന്നും ഭൂനികുതിയിനത്തിൽ ഈടാക്കിവരുന്നത്. രൂപയുടെ മൂല്യത്തിന് കാലാനുസൃതമായി വന്നിട്ടുളള വ്യതിയാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വരുമാനത്തിനനുസരിച്ചുളള നേരിയ വർദ്ധനവു മാത്രമാണ് വരുത്തിയിട്ടുളളത്. ഇത് ഒരു അമിതഭാരമായി തീരുവാൻ സാദ്ധ്യതയുളളതായി കരുതുന്നില്ല.

സെക്ഷൻ ഓഫീസർ